**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2842** **14-09-2023 - ൽ മറുപടിയ്ക്ക്**

**മിതം പദ്ധതി വിദ്യാലയങ്ങളിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഊർജ്ജ സംരക്ഷണത്തെ കുറിച്ച് കുട്ടികളിൽ അവബോധമുളവാക്കുന്നതിനായി നാഷണൽ സർവീസ് സ്കീമിന്റെ സഹായത്തോടെ വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിൽ നടത്തിയ മിതം പദ്ധതി ഈ വർഷവും കൈപ്പമംഗലം മണ്ഡലത്തിലെ 78 വിദ്യാലയങ്ങളിലും ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ; | (എ) | ഇ.എം.സി നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിൽ കഴിഞ്ഞ 2022-23 അധ്യയന വർഷം “മിതം” പദ്ധതി നടപ്പിലാക്കിയിരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുവാനും അതുവഴി ജനങ്ങളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുമാണ് പദ്ധതി വഴി ലക്ഷ്യം വെച്ചത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 330 എൻ.എസ്.എസ് യൂണിറ്റുകൾ വഴി ഊർജ്ജ അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. ഈ അധ്യയനവർഷം പദ്ധതി നടപ്പിലാക്കുവാനുള്ള ചർച്ചകൾ ഇ.എം.സിയും എൻ.എസ്.എസും തമ്മിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | മണ്ഡലത്തിലെ എല്ലാ വീടുകളിലും എൽ. ഇ. ഡി. ബൾബുകൾ തന്നെയാണോ ഉപയോഗിക്കുന്നത് എന്നറിയിക്കാമോ; കണക്കെടുപ്പ് നടത്താമോ; വിശദമാക്കുമോ; | (ബി) | ഈ അധ്യയന വർഷം "മിതം” പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | ഓരോ വീട്ടുകാർക്കും അവർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവും ആയതിനു ഈടാക്കുന്ന തുകയും മനസ്സിലാക്കി കൊടുക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനം ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | ഈ അധ്യയന വർഷം "മിതം” പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ